മുദ്രകൾ

# പുടിന്റെ സുഊദി സന്ദർശനം

**ഈയടുത്ത്** റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിൻ നടത്തിയ സുഊദി സന്ദർശനത്തിന് വലിയ രാഷ്ട്രീയ പ്രാധാന്യമാണ് കൽപിക്കപ്പെടുന്നത്. ഒരു റഷ്യൻ പ്രസിഡന്റിന്റെ ആദ്യത്തെ സുഊദി അറേബ്യൻ സന്ദർശനം എന്ന ചരിത്രപ്രാധാന്യവും ഇതിനുണ്ട്. സുഊദി ഭരണാധികാരി അബ്ദുല്ല രാജാവുമായുള്ള സംഭാഷണത്തിൽ ഇറാഖും ഫലസ്തീൻ-ഇസ്രയേൽ സംഘർഷവുമാണ് മുഖ്യ ചർച്ചാവിഷയമായത്.

മേഖലയിൽ റഷ്യ സമാധാനമാണ് ആഗ്രഹിക്കുന്നതെന്ന് പുടിൻ പറഞ്ഞു. സമാധാനശ്രമങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കെൽപുള്ള നാലാമത്തെ ശക്തിയായി റഷ്യ വളർന്നുകഴിഞ്ഞു. അമേരിക്ക, ഐക്യരാഷ്ട്രസഭ, യൂറോപ്യൻ യൂനിയൻ എന്നിവയാണ് മറ്റു ശക്തികൾ. സുഊദിക്ക് ആയുധങ്ങൾ നൽകാൻ തയാറാണെന്നും റഷ്യ അറിയിച്ചുകഴിഞ്ഞിട്ടുണ്ട്.

2003-ൽ സുഊദി രാജാവ് റഷ്യ സന്ദർശിച്ചിരുന്നു. പുടിന്റെ സന്ദർശനത്തോടെ ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധങ്ങൾ വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. 1991-ൽ സോവിയറ്റ് യൂനിയന്റെ തകർച്ചക്കു ശേഷമാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ആരംഭിക്കുന്നത്. ■

# ‘ഇസ്‌ലാമിക് ബാങ്കിംഗിനെ എതിർക്കുന്നത് ലോകവിവരമില്ലാത്തതിനാൽ’

**ഇന്ത്യയിൽ** ഇസ്‌ലാമിക് ബാങ്കിംഗിന്റെ സാധ്യതകളെക്കുറിച്ച് പഠിക്കാൻ കേന്ദ്ര ഗവൺമെന്റ് കമ്മിറ്റിയെ നിശ്ചയിച്ചതിനെ ബി.ജെ.പിയും ഫോർവേഡ് ബ്ലോക്കും വിമർശിച്ചത് നിർഭാഗ്യകരമാണെന്ന് ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ ഡോ. അബ്ദുൽ ഹഖ് അൻസാരി പറഞ്ഞു. ബി.ജെ.പിയും ചില ഇടതു പക്ഷ സംഘടനകളും ഇസ്‌ലാമെന്ന വാക്ക് കേൾക്കുമ്പോഴേക്ക് എതിർപ്പുമായി രംഗത്തു വരുന്നത് അവർക്കോ രാജ്യത്തിനോ ഗുണം ചെയ്യില്ല. പുതിയ ലോകസംഭവവികാസങ്ങളെക്കുറിച്ച് ഇത്തരം സംഘടനകൾക്കുള്ള അജ്ഞത തന്നെ അത്ഭുതപ്പെടുത്തുന്നുവെന്ന് അമീർ പറഞ്ഞു.

സുഡാൻ, മലേഷ്യ, ഇറാൻ, പാകിസ്താൻ, ബഹ്റൈൻ, ഖത്തർ, യു.എ.ഇ തുടങ്ങിയ നിരവധി മുസ്‌ലിം രാഷ്ട്രങ്ങളിൽ ഇസ്‌ലാമിക ബാങ്ക് വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. അമേരിക്കയിലെയും യൂറോപ്പിലെയും ആഫ്രിക്കയിലെയും അമുസ്‌ലിം രാഷ്ട്രങ്ങളിൽ ‘ഇസ്‌ലാമിക ജാലകങ്ങൾ’ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞു. ഇന്ത്യയിലും ഇസ്‌ലാമിക ബാങ്കിംഗ് സമ്പ്രദായം ഇവിടത്തെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുകയാണ് ചെയ്യുക. മുസ്‌ലിംരാഷ്ട്രങ്ങളും അവിടത്തെ സംരംഭകരും കൂടുതലായി ഇന്ത്യയിൽ മുതൽമുടക്കാൻ തയാറാകും. പലിശയെ ഭയന്ന് പണമിറക്കാൻ മടിക്കുന്ന ഇന്ത്യൻ മുസ്‌ലിംകളിലെ വലിയൊരു വിഭാഗത്തിന്റെ പണം രാഷ്ട്രനിർമാണ പ്രക്രിയയിൽ ഉപയോഗപ്പെടുത്താനും കഴിയും.

അടിയന്തരാവസ്ഥക്കു ശേഷം അധികാരമേറ്റ ജനതാ പാർട്ടി ഗവൺമെന്റിന്റെ മുമ്പാകെ ഇസ്‌ലാമിക ബാങ്കിംഗ് എന്ന ആശയം ജമാഅത്തെ ഇസ്‌ലാമി സമർപ്പിച്ചിരുന്നുവെന്ന് അമീർ അനുസ്മരിച്ചു. ഗവൺമെന്റും അതിൽ താൽപര്യമെടുത്തു. പക്ഷേ, പാർലമെന്റിന്റെ അംഗീകാരം ലഭിച്ചില്ല. ഇന്ത്യയിൽ ഇസ്‌ലാമിക ബാങ്കിംഗിനേറ്റ വലിയൊരു തിരിച്ചടിയായിരുന്നു ഇത്.

എതിർപ്പുകൾ അവഗണിച്ച് ഭരണകൂടം ഇസ്‌ലാമിക ബാങ്കിംഗ് പദ്ധതിയുമായി മുന്നോട്ടുപോകണമെന്നും പൊതുസമൂഹത്തിന് അതിന്റെ ഗുണഫലങ്ങൾ എത്രയും വേഗം ലഭ്യമാക്കണമെന്നും അമീർ ആവശ്യപ്പെട്ടു. പാർട്ടികൾക്കോ വ്യക്തികൾക്കോ ‘ഇസ്‌ലാമികം’ എന്ന വാക്ക് ചതുർഥിയാണെങ്കിൽ അത്തരം ബാങ്കുകൾക്കും വിൻഡോകൾക്കും ‘പലിശരഹിതം’ എന്ന വിശേഷണം ചേർത്താൻ മതിയാവുമെന്നും അദ്ദേഹം നിർദേശിച്ചു. ■